"ഭരണഭാഷ – മാതൃഭാഷ"

**No.J4/92698 /2015/PHQ**
പോലീസ് ആസ്ഥാനം, കേരളം
തിരുവനന്തപുരം
തീയതി. 17/06/2015

## സർക്കുലർ നം. 21/2015

**വിഷയം - പോലീസുദ്യോഗസ്ഥർക്ക് കൃത്യനിർവ്വഹണത്തിനിടയിൽ ഉണ്ടാകുന്ന പരിക്ക് - ചികിത്സയും, സഹായവും ലഭ്യമാക്കുന്നത് സംബന്ധിച്ചും, ഉയർന്ന ഉദ്യോഗസ്ഥരുടെ സന്ദർശനത്തെ സംബന്ധിച്ചും പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങൾ.**

കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ പലപ്പോഴും പലവിധമായ ആക്രമണങ്ങൾക്ക് വിധേയരാകുകയോ, അപകടങ്ങളിൽ പെടുകയോ ചെയ്യാറുണ്ട്. ഇതിൻപ്രകാരം പരിക്കേററ പോലീസ് ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ ആശുപത്രിയിൽ നിസ്സാര പരിക്കിന് ചികിൽത്സ തേടുകയാണെങ്കിൽ അവിടുത്തെ അധികാര പരിധിയിലുള്ള സബ് ഡിവിഷണൽ പോലീസ് ഓഫീസർ അവരെ സന്ദർശിക്കേണ്ടതും, അവർക്ക് വേണ്ട ചികിത്സ യഥാസമയം ലഭിക്കുന്നതിലേയ്ക്കായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരം പരിക്കേററ പോലീസ് ഉദ്യോഗസ്ഥന്റെ കുടുംബത്തിനും, സ്കൂളിൽ പോകുന്ന കുട്ടികൾ ഉണ്ടെങ്കിൽ അവർക്കും ഉചിതമായ എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കേണ്ടതാണ്.

പോലീസ് ഉദ്യോഗസ്ഥന് ഗുരുതരമായ പരുക്കിനാണ് ചികിത്സ എങ്കിൽ അവിടുത്തെ യൂണിററ് മേധാവി (ജില്ലാ പോലീസ് മേധാവി/കമാണ്ടന്റ്) പരിക്ക് പററിയ പോലീസ് ഉദ്യോഗസ്ഥരെ ആശുപത്രിയിൽ പോയി സന്ദർശിക്കേണ്ടതും, ടിയാന് മതിയായ ചികിത്സ ലഭിക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതുമാണ്. പരിക്കേററ പോലീസ് ഉദ്യോഗസ്ഥന്റെ കുടുംബത്തിനും, സ്കൂളിൽ പോകുന്ന കുട്ടികൾ ഉണ്ടെങ്കിൽ അവർക്കും എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ ആയതിന് വേണ്ട സഹായം ചെയ്യേണ്ടതാണ്.

ഗുരുതരമായും, അതികഠിനമായും പരിക്കേററ പോലീസ് ഉദ്യോഗസ്ഥർ ചികിത്സയിലാണെങ്കിൽ ടി പോലീസ് ഉദ്യോഗസ്ഥരെ ഐജിപി/എഡിജിപി അടക്കമുള്ള ഉയർന്ന ഉദ്യോഗസ്ഥർ സന്ദർശിക്കേണ്ടതും, ആ ഉദ്യോഗസ്ഥന്റെ കുടുംബത്തിനും